LIBRARY ARCHIVES Kerala Legislative Assembly

5. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആർ.ബി.എസ്.കെ. ട്രെയിനിംഗ് സെന്ററിനുവേണ്ടി 2.12 കോടി രൂപയുടെ നിർമ്മാണ പ്രവത്തനങ്ങൾ പുരോഗമിക്കുന്നു.

6. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സി.എൽ.എം.സി. ഒരുക്കുന്നതിനുവേണ്ടി 30.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കും.

7. ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി. തെക്കുംകര, പൂമല, അഡാട്ട് എന്നിവയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. പി.എച്ച്.സി. അവണൂർ, മുണ്ടന്നിക്കോട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും.

8. സബ് സെന്റർ അഡാട്ടിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ആയി ഉയർത്തിയിട്ടുണ്ട്. സബ് സെന്റർ തളിർ, കരുമാത്ര എന്നിവയെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

അപ്ഗ്രേഡ് ചെയ്ത ജില്ലാ ആയുർവ്വേദ ആശുപത്രികൾ

161 (1525) ശ്രീ. എം. രാജഗോപാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ഏതൊക്കെ ജില്ലാ ആയുർവ്വേദ ആശുപത്രികളാണ് 100 ബെഡ്ഡുള്ള ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) ഈ സ്ഥാപനങ്ങൾക്കാവശ്യമായ തസ്തികകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ജില്ലാ ആയുർവ്വേദ ആശുപത്രികളൊന്നും തന്നെ 100 ബെഡ് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തിട്ടില്ല.